# Athmaraksha.org

വ്യക്തിപരമായ പ്രാർത്ഥനകൾ

## ക്ഷമയുടെ പ്രാർത്ഥന-Forgive




### ക്ഷമയുടെ പ്രാർത്ഥന

(ഏതെങ്കിലും വ്യക്തിയോട് ക്ഷമിക്കേണ്ടതുണ്ടെങ്കിൽ .... ആ വ്യക്തിയേയും വ്യക്തിയുടെ പേരും മനസ്സിൽ കണ്ടുകൊണ്ട് കണ്ണുകളടച്ച് ധ്യാനപൂർവ്വം)

എന്നിൽ വസിക്കുന്ന ത്രീയേകദൈവമേ ഈ വ്യക്തിയെ (പേര്) അങ്ങയുടെ തിരുസന്നിധിയിൽ സമർപ്പിക്കുന്നു. എന്നെയും സമർപ്പിക്കുന്നു. ഈ വ്യക്തിയോട് (പേര്) ഞാൻ പൂർണ്ണമായും ക്ഷമിക്കുന്നു. ഞങ്ങളെ അനുരഞ്ജിപ്പിക്കണമേ. ഈ മകനേയും /മകളേയും എന്നെയും അനുഗ്രഹിക്കണമേ. പരിശുദ്ധാത്മാവായ ദൈവമേ, എന്റെ അബോധമനസ്സിലും ഉപബോധമനസ്സിലും, സുബോധമനസ്സിലും ഈ മകനോടുള്ള വെറുപ്പ്, വൈരാഗ്യം എന്നിവയെ നിർമ്മാർജ്ജനം ചെയ്യണമേ. ഈശോയുടെ തിരുരക്തത്താൽ കഴുകി വിശുദ്ധീകരിക്കണമേ. (അല്പനേരം സ്തുതിച്ച് പ്രാർത്ഥിക്കുക)

(ക്ഷമിക്കപ്പെടുവാൻ ഒന്നിലധികം വ്യക്തികളുണ്ടെങ്കിൽ ഓരോ വ്യക്തിയേയും അവരുടെ പേരും സഹിതം മനസ്സിൽ കൊണ്ടുവന്ന് അവരോട് പൂർണ്ണമായും ക്ഷമിക്കുക. തുടർന്ന് കണ്ണുകളടച്ച് പ്രാർത്ഥിക്കുക. മരിച്ചുപോയ വ്യക്തിയാണെങ്കിൽ ആ വ്യക്തിയെ അകക്കണ്ണുകൊണ്ട് കണ്ട് ആ വ്യക്തിയുടെ ആത്മാവിനോട് എന്നവിധം പ്രാർത്ഥിക്കുക. ആ വ്യക്തിയോടുള്ള വെറുപ്പ് പൂർണ്ണമായും ക്ഷമിച്ചുവെന്ന് ബോദ്ധ്യപ്പെടുന്നതുവരെ പ്രാർത്ഥന ചൊല്ലണം.)

### തിരുവചനം

നാം പാപങ്ങൾ ഏറ്റുപറയുന്നെങ്കിൽ അവൻ വിശ്വസ്തനും, നീതിമാനുമാകയാൽപാപങ്ങൾ ക്ഷമിക്കുകയും എല്ലാ അനീതികളിലും നിന്നു നമ്മെ ശുദ്ധീകരിക്കുകയും ചെയ്യും. (1 യോഹന്നാൻ 1:9)

കർത്താവേ, അങ്ങു പാപങ്ങളുടെ കണക്കുവച്ചാൽ ആർക്കു നിലനിൽക്കാനാവും? എന്നാൽ, അങ്ങ് പാപംപൊറുക്കുന്നവനാണ്; അതുകൊണ്ടു ഞങ്ങൾ അങ്ങയുടെ മുൻപിൽ ഭയഭക്തിയോടെ നിൽക്കുന്നു (സങ്കീർത്തനങ്ങൾ 130:3-4).

ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങൾ ഞങ്ങളോടും ക്ഷമിക്കണമേ(മത്തായി 6:12).

+++